# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 210      02/03/2020-ൽ മറുപടിക്ക്

## ലോകാരോഗ്യ സംഘടനയുടെ കീഴിൽ ഉള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) ലോകാരോഗ്യ സംഘടനയുടെ കീഴിൽ ഉള്ള എത്ര പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ; | എ) ലോകാരോഗ്യ സംഘടനയുമായി സഹകരിച്ചുകൊണ്ട് ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതിയുടെ കീഴിൽ രക്താതി മർദ്ദം, പ്രമേഹം എന്നിവ നിയന്ത്രിക്കുന്നതിന് IHMI (India Hypertension Control/ Management Initiative) എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ പൊതുജനാരോഗ്യ വിദഗ്ധൻമാരെയും (Cardio Vascular Health Officer - CVHO) നിരീക്ഷണ ഉദ്യോഗസ്ഥരെയും (Senior Treatment Supervisor - STS) നിയമിച്ചിട്ടുണ്ട്.<br><br>ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതിയായ NTEP-യിൽ ലോകാരോഗ്യ സംഘടനയുടെ സഹകരണം ലഭിക്കുന്നുണ്ട്. ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ലഭിക്കുന്നുണ്ട്.<br><br>പോളിയോ നിർമ്മാർജ്ജന പദ്ധതിക്ക് പര്യവേഷണ ഉദ്യോഗസ്ഥരുടെ സേവനം ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ലഭിച്ചു വരുന്നു.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ നടന്നു വരുന്ന Government of Kerala - WHO Dengue study ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെയാണ്. ഇത് കൂടാതെ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ഫൈലേറിയാസിസ് റിസർച്ച് യൂണിറ്റ് ലോകാരോഗ്യ സംഘടനയുടെ കീഴിലാണ്. |

| | | | |
|---|---|---|---|
| ബി) | ലോകാരോഗ്യസംഘടനയുടെ ഫണ്ട് ഉപയോഗിച്ച് എത്ര വാഹനങ്ങൾ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വാങ്ങിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | ബി) & സി) | ഈ പദ്ധതി പ്രകാരം വാഹനങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. |
| സി) | പ്രസ്തുത വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ